## പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 898** | **29/09/2011-ൽ മറുപടിക്ക്**

## ബദൽ സ്കൂളുകളുടെ നവീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബെന്നി ബെഹനാൻ:<br>" വി. ഡി. സതീശൻ:<br>" റ്റി. എൻ. പ്രതാപൻ:<br>" എം. പി. വിൻസെന്റ്: | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്തെ ബദൽ സ്കൂളുകൾ നവീകരിക്കാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; | എ) | വിദ്യാഭ്യാസ അവകാശ നിയമ(ആർ.ടി.ഇ)ത്തിന്റെ പശ്ചാത്തലത്തിൽ എല്ലാ ഭിന്നതല പഠനകേന്ദ്ര (MGLC) ങ്ങളെയും എൽ.പി. സ്കൂളുകളാക്കി മാറ്റേണ്ടതുണ്ട്. അതിനാൽ ഇവയുടെ നവീകരണത്തിനാവശ്യമായ ഫണ്ട് നിലവിൽ കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയം (എം.എച്ച്.ആർ.ഡി) അനുവദിക്കുന്നില്ല. |
| ബി) | പ്രസ്തുത മേഖലയിലെ അദ്ധ്യാപകർക്ക് കുറഞ്ഞ വേതനമാണ് നൽകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ബദൽ വിദ്യാലയങ്ങളിൽ വിദ്യാഭ്യാസ വോളണ്ടിയർമാരെയാണു നിയോഗിച്ചിരിക്കുന്നത്. ഇവർക്ക് ഓണറേറിയമായി 3,000/- രൂപയും ഹിൽ ട്രാക്ക് അലവൻസായി 500/- രൂപയും ലഭിക്കുന്നു. |
| സി) | എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; | സി) | ജി.ഒ. (എം.എസ്) 173/2011/ പൊ.വി.വ. തീയതി 11.08.2011 ഉത്തരവ് പ്രകാരം എം.ജി.എൽ.സിയുടെ പ്രവർത്തനം 2011-12 അധ്യയന വർഷവും തുടരാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| ഡി) | സ്ഥലസൗകര്യമുള്ള ഇത്തരം സ്കൂളുകൾ എൽ.പി. സ്കൂളുകളായി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ ? | ഡി) | സംസ്ഥാനത്ത് വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്ന മുറയ്ക്ക് ഇതു സംബന്ധിച്ചു തീരുമാനമാകും. |

സെക്ഷൻ ഓഫീസർ